# ദൂത് 2: ദൈവത്തിന്റെ ഭരണത്തിൻകീഴിൽ ഒരു ക്രിസ്തീയ ജീവിതം നയിക്കുന്നു

* I-II: ദൈവത്തിന്റെ ഭരണത്തിൻകീഴിൽ

## I. പത്രൊസിന്റെ 1-ഉം 2-ഉം ലേഖനങ്ങൾ ദൈവത്തിന്റെ സാർവത്രിക ഭരണത്തെ സംബന്ധിച്ചാണ്

- 1 പത്രൊസിന്റെ വിഷയം ദൈവത്തിന്റെ ഭരണത്തിൻ കീഴിലുള്ള ക്രിസ്തീയ ജീവിതമാണ്, ഇത് വിശേഷാൽ തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തോടുള്ള അവന്റെ ഇടപെടലുകളിൽ ദൈവത്തിന്റെ ഭരണത്തെ നമുക്ക് കാണിക്കുന്നു എന്നാൽ 2 പത്രൊസിന്റെ വിഷയം ദിവ്യസഹായവും ദിവ്യഭരണവുമാണ്, ദൈവം നമ്മെ ഭരിക്കുമ്പോൾ നമുക്ക് ആവശ്യമുള്ളതെല്ലാം അവൻ നമുക്ക് നൽകുന്നു എന്ന് നമ്മെ കാണിക്കുന്നു.ന്യായംവിധിക്കുന്നതിലൂടെ ദൈവം ഭരിക്കുന്നു; ദൈവത്തിന്റെ ന്യായവിധി അവന്റെ ഭരണം നിർവഹിക്കുന്നതിനു വേണ്ടിയാണ്. 1-ഉം 2-ഉം പത്രൊസ് ദൈവത്തിന്റെ ഭരണത്തോട് ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട്, ഈ ലേഖനങ്ങളിൽ ദൈവത്തിന്റെയും കർത്താവിന്റെയും ന്യായവിധി അവശ്യ കാര്യങ്ങളിലൊന്നായി ആവർത്തിച്ച് പരാമർശിക്കപ്പെടുന്നു. വിവിധ തരത്തിലുള്ള ന്യായവിധികൾ മുഖാന്തരം തന്റെ പ്രസാദത്തിനായി തന്റെ നീതിയാൽ നിറഞ്ഞ ഒരു പുതിയ പ്രപഞ്ചത്തിനുവേണ്ടി ഒരു പുതിയ ആകാശവും പുതിയ ഭൂമിയും തനിക്കുണ്ടായിരിക്കേണ്ടതിന് കർത്താവായ ദൈവം മുഴുവൻ പ്രപഞ്ചത്തെയും വെടിപ്പാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യും. പിതാവിനാൽ നിർവഹിക്കപ്പെടുന്ന 1 പത്രൊസ് 1:17-ലെ ന്യായവിധി, ഭാവിയിലുള്ള ന്യായവിധിയല്ല, അത് തന്റെ മക്കളോടുള്ള ദൈവത്തിന്റെ ഭരണപരമായ ഇടപെടലുകൾ എന്ന ഇപ്പോൾ, ദിനംപ്രതിയുള്ള ന്യായവിധിയാണ്. വിശുദ്ധനായ ഒരു പിതാവും വിശുദ്ധരായ മക്കളുമുള്ള ഒരു വിശുദ്ധ കുടുംബത്തെ ഉളവാക്കുവാൻ പിതാവ് നമ്മെ വീണ്ടുംജനിപ്പിച്ചിരിക്കുന്നു. ദൈവത്തിന്റെ ഭരണത്തിലെ ശിക്ഷണപരമായ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുന്നു. തന്റെ ഭരണവുമായി പൊരുത്തപ്പെടാത്ത സകലത്തെയും ദൈവം ന്യായംവിധിക്കുന്നു; അതുകൊണ്ട്, ഈ യുഗത്തിൽ ദൈവത്തിന്റെ മക്കളായ നാം ദൈവത്തിന്റെ ദിനംപ്രതിയുള്ള ന്യായവിധിയിൻ കീഴിലാണ്. തന്റെ സ്വന്തം ഭവനത്തിൽനിന്നും ആരംഭിക്കുന്ന തന്റെ ഭരണസംബന്ധിതമായ കാര്യനിർവഹണത്തിന്റെ ന്യായവിധിയിൽ വിശ്വാസികളോട് ഇടപെടുവാൻ ദൈവം അഗ്നിശോധനകൾ ഉപയോഗിക്കുന്നു. ഈ ന്യായവിധിയുടെ ഉദ്ദേശ്യം നാം ദൈവത്തിനൊത്തവണ്ണം ആത്മാവിൽ ജീവിക്കേണ്ടതിനാണ് [1 Pet. 1:2] പിതാവായ ദൈവത്തിന്റെ, മുന്നറിവിനൊത്തവണ്ണം ആത്മാവിന്റ, വിശുദ്ധീകരണത്തിൽ യേശു ക്രിസ്തുവിന്റെ രക്തത്തിന്റെ, അനുസരണത്തിനും തളിക്കലിനും:... [2 Pet. 1:2] ദൈവത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും പൂർണ, പരിജ്ഞാനത്തിൽ നിങ്ങൾക്ക് കൃപയും സമാധാനവും പെരുകുമാറാകട്ടെ. [1 Pet. 4:17] എന്തെന്നാൽ ന്യായവിധി ദൈവഭവനത്തിൽനിന്ന് ആരംഭിക്കുവാൻ സമയമായിരിക്കുന്നു... [1 Pet. 1:15-16] നിങ്ങളെ വിളിച്ച വിശുദ്ധനൊത്തവണ്ണം, നിങ്ങളുടെ എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. എന്തുകൊണ്ടെന്നാൽ "ഞാൻ വിശുദ്ധനാകുന്നതുകൊണ്ട് നിങ്ങളും വിശുദ്ധരാകണം" എന്ന് എഴുതിയിരിക്കുന്നുവല്ലോ.

## II. ക്രിസ്തീയ ജീവിതവും ദൈവത്തിന്റെ ഭരണവും ഒരു ജോഡിയായി ഒരുമിച്ചുപോകുന്നു എന്നു വെളിപ്പെടുത്തിക്കൊണ്ട് ക്രിസ്തീയ ജീവിതത്തെയും ദൈവത്തിന്റെ ഭരണത്തെയും അവൻ കൂട്ടിയോജിപ്പിക്കുന്നു എന്നതാണ് പത്രൊസിന്റെ എഴുത്തുകളുടെ അമൂല്യത

- ത്രിയേക ദൈവം ക്രിസ്തുവിൽ ഒരു നീണ്ട പ്രക്രിയയിലൂടെ കടന്നുപോകുകയും നമ്മിൽ വസിക്കുവാൻ ജീവൻ-നൽകുന്ന ആത്മാവായിത്തീരുകയും ചെയ്തു; ഇത് നമ്മുടെ ക്രിസ്തീയ ജീവിതത്തിനുവേണ്ടിയാണ്. ഒരു ആത്മികജീവൻ ഉണ്ടായിരിക്കുന്നതിനും ഒരു പുതിയ സൃഷ്ടിയായിരിക്കുന്നതിനും നാം ദൈവത്തിൽനിന്ന് ജനിച്ചുവെങ്കിലും, നാം ഇപ്പോഴും പഴയ സൃഷ്ടിയിലാണ്. ഇക്കാരണത്താൽ, നമുക്ക് ദൈവത്തിന്റെ ഭരണപരമായ ഇടപെടലുകൾ ആവശ്യമാണ്ക്രിസ്തീയ ജീവിതത്തിന്റെ വളർച്ചയ്ക്ക്, ദൈവത്തിന്റെ ഭരണത്തിന്റെ ശിക്ഷണം നമുക്ക് ആവശ്യമാണ്. [1 Cor. 6:17] എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു. [1 Pet. 4:12-13] പ്രിയരേ, നിങ്ങളുടെ അടുക്കൽ പരീക്ഷയ്ക്കായി വരുന്ന നിങ്ങളുടെ ഇടയിലെ അഗ്നിശോധന, നിങ്ങൾക്കു വിചിത്രമായ കാര്യം സംഭവിക്കുന്നു എന്നപോലെ, വിചിത്രമെന്നു കരുതരുത്; അവന്റെ തേജസ്സിന്റെ വെളിപാടിൽ നിങ്ങൾ ഉല്ലാസത്തോടെ സന്തോഷിക്കേണ്ടതിന്, ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ നിങ്ങൾ പങ്കുകൊള്ളുന്തോറും, സന്തോഷിക്കുവിൻ..

* III-IV: ദൈവത്തിന്റെ ഭരണത്തിൻകീഴിൽ ഒരു ക്രിസ്തീയ ജീവിതം എങ്ങനെ നയിക്കാം

**III. കർത്താവായ യേശു ഭൂമിയിലായിരുന്നപ്പോൾ, അവൻ തികച്ചും ദൈവത്തിന്റെ ഭരണത്തിൻ കീഴിലുള്ള ഒരു മനുഷ്യജീവിതം നയിക്കുകയും, അവനോടു ബന്ധപ്പെട്ട സകലവും ദൈവത്തിന്റെ ഭരണത്തിന് ഭരമേൽപ്പിക്കുകയും ചെയ്തു**

- തന്റെ എല്ലാ അപമാനങ്ങളും മുറിവുകളും തന്റെ ഭരണത്തിൽ നീതിപൂർവം വിധിക്കുന്നവന്, അവൻ സ്വയം കീഴ്പ്പെടുത്തിക്കൊടുത്ത നീതിമാനായ ദൈവത്തിന്, കർത്താവ് ഭരമേല്പിച്ചുകൊണ്ടിരുന്നു; അവന്റെ ഭരണത്തെ അംഗീകരിച്ചുകൊണ്ട് ഈ നീതിമാനായ ദൈവത്തിൽ അവൻ തന്റെ ആശ്രയം വച്ചു. ദൈവം ക്രിസ്തുവിനെ ഒരു മനുഷ്യനെന്ന നിലയിൽ ആലോചന നൽകിയപ്പോൾ, ക്രിസ്തുവിന്റെ ആന്തരിക ഭാഗങ്ങൾ ദൈവവുമായി ഒന്നായിരിക്കുകയും, ദൈവവുമായുള്ള അവന്റെ സമ്പർക്കത്തിലൂടെ അവൻ നിർദ്ദേശിക്കപ്പെടുകയും ചെയ്തു.

  [1 Pet. 2:21-22] ഇതിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവും നിങ്ങൾക്കു പകരം കഷ്ടമേറ്റു, നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരേണ്ടതിന് നിങ്ങൾക്ക് ഒരു മാതൃക വച്ചിരിക്കുന്നു; അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വ്യാജം കണ്ടെത്തിയതുമില്ല. [1 Pet. 2:23] അവൻ അധിക്ഷേപിക്കപ്പെട്ടിട്ട് പകരം അധിക്ഷേപിച്ചില്ല; കഷ്ടമേൽക്കവേ, അവൻ ഭീഷണിപ്പെടുത്താതെ നീതിപരമായി ന്യായം വിധിക്കുന്നവന് എല്ലാം ഭരമേൽപ്പിച്ചുകൊണ്ടിരുന്നു; [Psa. 16:7] എനിക്കു ബുദ്ധി ഉപദേശിച്ചുതന്ന യഹോവയെ ഞാൻ വാഴ്ത്തും; രാത്രികാലങ്ങളിലും എന്റെ അന്തരംഗം എന്നെ ഉപദേശിക്കുന്നു. [Isa. 50:4] തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിന്നു യഹോവയായ കർത്താവു എനിക്കു ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു; അവൻ രാവിലെതോറും ഉണർത്തുന്നു; ശിഷ്യന്മാരെപ്പോലെ കേൾക്കേണ്ടതിന്നു അവൻ എന്റെ ചെവി ഉണർത്തുന്നു.

**IV. ക്രിസ്തുവിലുള്ള വിശ്വാസികളും ദൈവത്തിന്റെ മക്കളുമെന്ന നിലയിൽ നാം ദൈവത്തിന്റെ ഭരണത്തിൻ കീഴിൽ ഒരു ക്രിസ്തീയ ജീവിതം നയിക്കണം**

- കഷ്ടങ്ങളിലൂടെ ദൈവത്തിന്റെ ഭരണപരമായ ഇടപെടലുകൾ സ്വീകരിക്കുവാൻ നമ്മെ പ്രാപ്തനാക്കുന്ന ക്രിസ്തുവിനെ പത്രൊസിന്റെ ലേഖനങ്ങൾ വെളിപ്പെടുത്തുന്നു. നാം: ①നമ്മുടെ പരദേശവാസത്തിന്റെ സമയം വിശുദ്ധ ഭയത്തിൽ, അതായത്, നമ്മുടെ എല്ലാ നടപ്പിലും വിശുദ്ധരായിരിക്കുവാൻ നമ്മെ നയിക്കുന്ന ആരോഗ്യകരമായ, ഗൗരവമുള്ള ജാഗ്രതയോടെ നാം കഴിക്കണം; ②ദൈവഭരണം നിർവഹിക്കുന്ന ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ നാം താഴ്ത്തപ്പെട്ടിരിക്കണം; ③വിശ്വസ്തനായ സ്രഷ്ടാവിന് നമ്മുടെ ദേഹികളെ നാം ഭരമേല്പിക്കണം. ദൈവത്തിന് നമ്മുടെ ദേഹിയെ സംരക്ഷിക്കുവാൻ കഴിയും, അവന്റെ സ്നേഹമുള്ളതും വിശ്വസ്തവുമായ കരുതൽ അവന്റെ ഭരണസംബന്ധിതമായ കാര്യനിർവഹണത്തിലുള്ള അവന്റെ നീതിയെ സഹഗമിക്കുന്നു. ദൈവം തന്റെ ഭരണത്തിൽ നമ്മെ ന്യായംവിധിക്കുമ്പോൾ, അവൻ തന്റെ സ്നേഹത്തിൽ വിശ്വസ്തതയോടെ നമ്മെ കരുതുന്നു; അവന്റെ ശിക്ഷണപരമായ ന്യായവിധിയെ നാം സഹിക്കുമ്പോൾ, നമ്മുടെ സ്രഷ്ടാവിന്റെ വിശ്വസ്തമായ കരുതലിന് നമ്മുടെ ദേഹികളെ നാം ഭരമേല്പിക്കണം. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ ദൈവത്തിന്റെ ഭരണത്തിൻകീഴിൽ നാം നീതിക്ക് ജീവിക്കേണ്ടതിന് ക്രിസ്തുവിന്റെ മരണത്തിൽ നാം പാപങ്ങൾക്ക് മരിച്ചു. ദൈവത്തിന്റെ ഭരണം നീതിയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അവന്റെ ഭരണത്തിൻകീഴിൽ ജീവിക്കുന്ന ദൈവത്തിന്റെ ജനമെന്ന നിലയിൽ നാം നീതിനിഷ്ഠമായ ഒരു ജീവിതം നയിക്കണം. നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ നാം ദൈവത്തിന്റെ ഭരണത്തിൻകീഴിൽ സ്വതേ നീതിക്ക് ജീവിക്കേണ്ടതിന് ക്രിസ്തുവിന്റെ മരണത്തിൽ നാം പാപങ്ങളിൽനിന്നും വേർപെടുത്തപ്പെടുകയും, അവന്റെ പുനരുത്ഥാനത്തിൽ നാം ജീവിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. [1 Pet. 5:6] അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ, താഴ്ത്തപ്പെട്ടിരിക്കുവിൻ, [1 Pet. 4:19] അതിനാൽ ദൈവഹിതപ്രകാരം കഷ്ടമനുഭവിക്കുന്നവർ നന്മചെയ്യുന്നതിൽ തങ്ങളുടെ ദേഹികളെ വിശ്വസ്തനായ സ്രഷ്ടാവിന് ഭരമേൽപ്പിക്കട്ടെ. [1 Pet. 2:24] നാം പാപങ്ങൾക്കു മരിച്ചിട്ട് നീതിക്കു ജീവിക്കേണ്ടതിന്, അവൻ തന്നെ മരത്തിന്മേൽ അവന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ വഹിച്ചു; അവന്റെ അടിപ്പിണരാൽ നിങ്ങൾ സൗഖ്യം പ്രാപിച്ചിരിക്കുന്നു.